പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 2966

20/12/2012-ൽ മറുപടി
നൽകേണ്ടത്

## ലാന്റ് ബാങ്കിൽ നിന്നും വാങ്ങിയ ഭൂമി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എ.അസീസ് | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്ത് നിലവിലുള്ള "ലാന്റ് ബാങ്കിൽ" നിന്നും ഏതൊക്കെ വിഭാഗങ്ങൾക്കാണ് ഭൂമി നൽകിയതെന്ന് വ്യക്തമാക്കുമോ; | (എ) കൊല്ലം ജില്ലയിൽ ജനറൽ, പട്ടിക വിഭാഗങ്ങൾക്കും, കോട്ടയം ജില്ലയിൽ ചേരമർ ക്രിസ്ത്യൻ വിഭാഗത്തിൽപ്പെട്ട ഒരാളിനും, എസ്.സി വിഭാഗത്തിൽപ്പെട്ട 13 പേർക്കും, മുസ്ലീം വിഭാഗത്തിൽപ്പെട്ട ഒരാളിനും,ജനറൽ വിഭാഗത്തിൽപ്പെട്ട 33 പേർക്കും, കോഴിക്കോട് ജില്ലയിൽ ഭൂരഹിതരായ കർഷകത്തൊഴിലാളികൾക്കും ഭൂരഹിതരായ സാധാരണക്കാർക്കും, കണ്ണൂർ ജില്ലയിൽ ഒളിമ്പ്യൻ മാനുവൽ ഫെഡറിക്കിനും ഭൂമി നൽകിയിട്ടുണ്ട്. |
| (ബി) സംസ്ഥാനത്തെ എത്ര കുടുംബങ്ങൾക്ക് ഭൂമി നൽകി; | (ബി) കൊല്ലം ജില്ലയിൽ 265 കുടുംബങ്ങൾക്കും കോട്ടയം ജില്ലയിൽ ഒരു കുടുംബത്തിനും എറണാകുളം ജില്ലയിൽ 47 കുടുംബങ്ങൾക്കും കോഴിക്കോട് ജില്ലയിൽ 38 കുടുംബങ്ങൾക്കും ഭൂമി നൽകിയിട്ടുണ്ട്. |
| (സി)എത്ര സംഘടനകൾക്ക് എത്ര വീതം ഭൂമി നൽകി എന്ന് പേര് അടക്കമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ? | (സി) സംഘടനകൾക്ക് ഭൂമി നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ